# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*



No.185/PR/PIC/2018 Date : 29.07.2018


**പോലീസ് സേനയിൽ പുതുചരിത്രം: പ്രഥമ വനിതാ ബറ്റാലിയൻ പാസ്സിങ് ഔട്ട് പരേഡ് 31 ന്**

കേരള പോലീസിന്റെ ചരിത്രത്തിൽ ആദ്യമായി രൂപീകരിച്ച വനിതാ പോലീസ് ബറ്റാലിയൻ യാഥാർഥ്യത്തിലേക്ക്. പ്രഥമ വനിതാ ബറ്റാലിയൻ ബാച്ചിന്റെ പാസിങ് ഔട്ട് പരേഡ് നാളെ ( 31.07.18) രാവിലെ 7.30 ന് കേരള പോലീസ് അക്കാദമി പരേഡ് ഗ്രൗണ്ടിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കും. പരേഡിന് ശേഷം ആദ്യ വനിതാ കമാൻഡോകളുടെ ആയുധങ്ങൾ ഉപയോഗിച്ചുള്ള ഡെമോൺസ്ട്രേഷനും നടക്കും. ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, കേരള പോലീസ് അക്കാദമി ഡയറക്ടർ കൂടിയായ എഡിജിപി ഡോ. ബി. സന്ധ്യ മറ്റ് ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

2017 ലാണ് സർക്കാർ തീരുമാനപ്രകാരം ഒരു വനിതാ പോലീസ് ബറ്റാലിയൻ തിരുവനന്തപുരം ആസ്ഥാനമാക്കി തുടങ്ങിയത്. ഇതിനായി കഴക്കൂട്ടം മേനംകുളത്ത് 10 ഏക്കർ സ്ഥലവും സംസ്ഥാന സർക്കാർ അനുവദിച്ചു. തുടർന്ന് ഇവിടെ വനിതാ ബറ്റാലിയന്റെ ഓഫീസും ആരംഭിച്ചു. ബറ്റാലിയനായുള്ള മറ്റു നിർമാണപ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും പൂർത്തിയായി വരുന്നു. എസ്.പി. ആർ. നിശാന്തിനിയാണ് പ്രഥമ വനിതാ ബറ്റാലിയൻ കമാൻഡന്റ്.

തുടർന്ന് പുതുതായി റിക്രൂട്ട് ചെയ്ത വനിതാ ബറ്റാലിയൻ സേനാംഗങ്ങളുടെ ഒൻപത് മാസത്തെ പരിശീലനം 2017 സെപ്തംബർ 17 ന് തൃശ്ശൂർ കേരള പോലീസ് അക്കാദമിയിൽ ആരംഭിച്ചു. ആകെ 578 റിക്രൂട്ട് വനിതാ പോലീസ് സേനാംഗങ്ങളാണ് പരിശീലനം പൂർത്തിയാക്കിയിട്ടുള്ളത്. അവരിൽ 44 പേർ കമാൻഡോ പരിശീലനം നേടിയിട്ടുള്ളവരാണ്. ഇവരെ ഉപയോഗപ്പെടുത്തി ആദ്യമായി സംസ്ഥാനത്ത് ഒരു വനിതാ കമാൻഡോ വിങ്ങും ഇതോടൊപ്പം ആരംഭിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു.

കേരളത്തിൽ ആദ്യമായി വനിത ഇൻസ്ട്രക്ടർമാരുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ളവരാണ് ഈ ബാച്ചിലെ വനിതാ ട്രെയിനികൾ. അടിസ്ഥാന നിയമങ്ങൾക്കും, വിവിധ സ്പെഷ്യൽ നിയമങ്ങൾക്കും പുറമേ കളരി, യോഗ, കരാട്ടേ, നീന്തൽ, ഡ്രൈവിങ്, കംപ്യൂട്ടർ, സോഫ്റ്റ് സ്കില്ലുകൾ, ഫയറിങ്, ആയുധങ്ങൾ, വനത്തിനുള്ളിലെ പരിശീലനം, സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ, ദുരന്തനിവാരണം തുടങ്ങി വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇവർക്കായി പുതിയ ഡിസൈനിലുള്ള യൂണിഫോമും തയ്യാറായിട്ടുണ്ട്.

ആദ്യത്തെ ഈ ലേണിങ് പരിശീലനം, വ്യക്തിത്വവികാസത്തിനും, സ്വതന്ത്രമായി ചിന്തിക്കുന്നതിനും കാര്യപ്രാപ്തിയോടുകൂടി പോലീസ് ജോലി അർപ്പണമനോഭാവത്തോടുകൂടി പ്രായോഗിക തലത്തിൽ നിർവ്വഹിക്കുന്നതിന് സിൻഡിക്കേറ്റ് ഗ്രൂപ്പുകളും, ഹോബി ക്ലബ്ബുകളും സജീവമായി ഉപയോഗപ്പെടുത്തിയ ആദ്യത്തെ ബാച്ച് തുടങ്ങിയ സവിശേഷതകളും പരിശീലനത്തിലുണ്ട്. ഐക്യരാഷ്ട്ര സഭയുടെ വിമൻ ട്രെയിനിങ് സെന്റർ ഇ-ലേണിങ് ക്യാമ്പസിൽ നിന്നും “ ഐ നോ ജൻഡർ - 1,2,3 ” മൊഡ്യൂളുകൾ പൂർത്തിയാക്കിയിട്ടുള്ളവരാണ് ഈ സേനാംഗങ്ങൾ. കേസ് ഡയറി തയ്യാറാക്കുന്നവിധം തുടങ്ങി കുറ്റാന്വേഷണത്തിലും പരിശീലനം നല്കിയിട്ടുണ്ട്.

പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം 25 ശതമാനമാക്കി ഉയർത്തുക എന്നതാണ് സർക്കാർ നയം. അതിന്റെ ഭാഗമായി കൂടുതൽ വനിതാപോലീസ് സേനാംഗങ്ങളെ തുടർന്നുള്ള വർഷങ്ങളിൽ റിക്രൂട്ട് ചെയ്യാനും നടപടികൾ പുരോഗമിക്കുകയാണ്.

ഫോട്ടോ ക്യാപ്ഷൻ :

ഫോട്ടോ 1. പ്രഥമ വനിതാ ബറ്റാലിയനിലെ സേനാംഗങ്ങൾ പുതിയ ഡിസൈനിലുള്ള യൂണിഫോമിൽ.

ഫോട്ടോ 2 . പ്രഥമ വനിതാ ബറ്റാലിയനിലെ കമാൻഡോകൾ യൂണിഫോമിൽ.

************